# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 10/2023
# 09.12.2023 തിരുവനന്തപുരം

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. സർവ്വകലാശാല വിഷയങ്ങൾ
5. ഐഫെക്ടോ കോൺഫറൻസ്
6. വാർഷിക സമ്മേളനങ്ങൾ
7. പ്രക്ഷോഭങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി, സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. എം.എസ്. മുരളി, രഘുദാസ് പി. വി, ഡോ. പ്രിൻസ് പി.ആർ, ശശി സി.ടി, സൗമ്യ എസ്., ഡോ. വിഷ്ണു വി.എസ്., ഡോ. എ. ബാലകൃഷ്ണൻ, ഡോ. ഗായത്രി ദേവി ജി., ഡോ. ആർ. പ്രഗാഷ്, ഡോ. സഞ്ജയ് എസ്., ഡോ. ജിനീഷ് പി. എസ്., സോബിൻ വർഗ്ഗീസ് എം.വി, സജിത്ത് കുമാർ പി., ഡോ. എം. എ. അസ്കർ, ഡോ. മാണിക്ക്യരാജ് കെ., ഡോ. റിജുലാൽ ജി., രാജു എം. സി., ഡോ. കെ. റഹീം, ഡോ. പ്രദീപ് കുമാർ, ഡോ. രഞ്ജിത്ത് മോഹൻ, അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സുജ ടി.വി., ആൽബർട്ട് ആൻറണി ടി., രജിത സി. ആർ., ഡോ. ഉദയകുമാർ, ഡോ. ദിനേശൻ പി.കെ.,ഡോ. ശരത്ത് എസ്., ഡോ. ഷാനവാസ് പി. എച്ച്., ആസിഫ് ഇഖ്ബാൽ കാക്കശ്ശേരി, ഡോ. സെനോ ജോസ്, സുശാന്ത് പി., ഡോ. സുനിത ഗണേഷ്, ഡോ. ഷജില ബീവി.

വൈകുന്നേരം 5 മണിക്ക് ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു.സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. വിനു ഭാസ്കർ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

സി.പി.ഐ സംസ്ഥാന സെക്രട്ടറി സ. കാനം രാജേന്ദ്രൻ ,ദേശാഭിമാനി സീനിയർ റിപ്പോർട്ടർ സ. എം. വി. പ്രദീപ്,കുസാറ്റിൽ സംഘടിപ്പിച്ച ടെക് ഫെസ്റ്റിനിടയിൽ ഉണ്ടായ അപകടത്തിൽ മരണമടഞ്ഞ കുട്ടികൾ,പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനും ദളിത് ചിന്തകനുമായ ഡോ. എം. കുഞ്ഞാമൻ,പ്രശസ്ത നർത്തകിയും, ചലച്ചിത്ര താരവുമായിരുന്ന സുബ്ബലക്ഷ്മി, കരുനാഗപ്പള്ളി മുൻ എം. എൽ. എ കെ.രാമചന്ദ്രൻ,മെഡിക്കൽ പി. ജി വിദ്യാർത്ഥിനി ഡോ. ഷഹന, പാലസ്തീനിൽ യുദ്ധം മൂലം ജീവൻ നഷ്ടപ്പെട്ടവർ എന്നിവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

ഇതേ തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്ത സാഹചര്യം ഉണ്ട് ഇത് സംബന്ധിച്ച കേസ് ഡിസംബർ 6 ന് പരിഗണിക്കാനിരുന്നതാണ് എന്നാൽ കോടതി വീണ്ടും ഇത് മാറ്റിവെച്ചിരിക്കുകയാണ്.പ്രൊഫസർഷിപ്പ് പെൻഡിംഗ് കേസുകളിൽ ഉടൻ തീരുമാനം എടുക്കുന്നതാണ്. അതിനുശേഷം പുതുതായി പ്രൊഫസർഷിപ്പിന് അപേക്ഷിക്കുവാനുള്ള സർക്കുലർ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഇറക്കുന്നതാണ്. മറ്റ് പ്ലെയ്സ്മെന്റുകൾ നടന്നുവരുന്നു. ബി.ഓപ്ഷൻ അനുസരിച്ച് അസോസിയേറ്റ് പ്രൊഫസർ ആയവർക്ക് പേസ്ലിപ്പ് ഉടനെ ലഭിക്കാൻ ആവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. എസ്.സി./ എസ്.ടി. കുട്ടികളുടെ ഗ്രാന്റ് വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. താമസിയാതെ പരിഹാരം ഉണ്ടാകും. സർവീസ് മേഖലയിലെ വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ് ഡിസംബർ 7 ന് സംഘടന കാമ്പസുകളിൽ സംഘടിപ്പിച്ച യൂണിറ്റ് ധർണ്ണ വൻ വിജയമായിരുന്നു. കേരള സർവകലാശാല സെനറ്റിലേക്ക് ഗവർണ്ണർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായാണ് അംഗങ്ങളെ നോമിനേറ്റ് ചെയ്തിരിക്കുന്നത്. ഇത് ഏറെ പ്രതിഷേധാർഹമാണ്. ഗവർണറുടെ സ്വേച്ഛാധിപത്യപരമായ നടപടികളിൽ പ്രതിഷേധിച്ച് ഡിസംബർ 13ന് കാലിക്കറ്റ് സർവ്വകലാശാലയിലേക്ക് നടക്കുന്ന മാർച്ച് വിജയിപ്പിക്കണം. ഡിസംബർ 16 ന്റെ രാജ്ഭവൻ മാർച്ചിലും നല്ല പങ്കാളിത്തം ഉണ്ടാവണം. കോളേജുകളിൽ സെമിനാർ/വർക്ക്ഷോപ്പുകൾക്ക് അനുവദിച്ച ഫണ്ട് സമയബന്ധിതമായി ലഭിക്കാത്ത വിഷയത്തിൽ സംഘടന ഇടപെട്ടിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാല അക്കാദമിക് കൗൺസിലേക്ക് അധ്യാപകരുടെ നോമിനേഷൻ ഡിസംബർ 18നകം നൽകണം. ഇതിനാവശ്യമായ കൂടിആലോചനകളും, ഇടപെടലും മേഖലയിൽ ഉണ്ടാവണം. സംഘടനയുടെ ജില്ലാതല പ്രതിഷേധ ധർണ്ണ ഡിസംബർ 18-22 തീയ്യതിക്കുള്ളിൽ പൂർത്തീകരിക്കണം. പി.ജി. കരിക്കുലം ഫ്രെയിംവർക്ക് സംബന്ധിച്ച് സംഘടനയുടെ നിർദ്ദേശങ്ങൾ ഡിസംബർ 15നകം നൽകണം.സംസ്ഥാന സമ്മേളനത്തിന്റെ തീയ്യതിയും ഇന്ന് തീരുമാനിക്കണം.ഐഫെക്ടോ കോൺഫറൻസിലെ പങ്കാളിത്തം സംബന്ധിച്ച കാര്യത്തിലും ഇന്ന് തീരുമാനം എടുക്കണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിമേൽ വിശദമായ ചർച്ച നടന്നു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

1. സർവ്വീസ് മേഖലയിലെ വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് ഡിസംബർ 18-22 തീയ്യതികളിൽ നടക്കുന്ന ജില്ലാതല ധർണ്ണ,2024 ജനുവരി 29 ന്റെ സെക്രട്ടറിയേറ്റ് ധർണ്ണ എന്നിവ വൻ വിജയമാക്കണം.
2. സംസ്ഥാന സമ്മേളനം മാർച്ച് 2,3 തീയതികളിൽ കണ്ണൂരിൽ ചേരാൻ തീരുമാനിച്ചു.
3. യാത്രയയപ്പ് സമ്മേളനം, വനിതാ സെമിനാർ എന്നിവ എറണാകുളത്ത് ചേരാൻ തീരുമാനിച്ചു.

4. അംഗങ്ങളിൽ നിന്നും 1500 രൂപാ സംസ്ഥാന സമ്മേളന ഫണ്ട് സമാഹരിക്കുവാൻ തീരുമാനിച്ചു.
5. പി.ജി. കരിക്കുലം ഫ്രെയിംവർക്കിൽ ആവശ്യമായ ഇടപെടൽ നടത്തും.
6. പ്രൊഫസർഷിപ്പ്, മറ്റ് പ്ലെയ്സ്മെന്റുകൾ വേഗത്തിലാക്കാൻ വേണ്ട ഇടപെടൽ നടത്തും.

യോഗം 8.30 ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
09-12-2023

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി